## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2150

18.03.2015-ലെ മറുപടിയ്ക്ക്

### സഹകരണ ഭവൻ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് നിർമ്മിക്കുന്ന സഹകരണഭവൻ കെട്ടിടനിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; | (എ) | 68.50 കോടി രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | സഹകരണ ഭവൻ നിർമ്മാണത്തിന് എത്ര തുകയാണ് ബഡ്ജറ്റ് അലോക്കേഷനായി അനുവദിച്ചിട്ടുള്ളത്; | (ബി) | 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകകൊള്ളിച്ചിട്ടുള്ളത്. |
| (സി) | സഹകരണഭവൻ നിർമ്മാണത്തിനാവശ്യമായ തുക മറ്റ് മാർഗ്ഗങ്ങളിലൂടെ വകുപ്പുതന്നെ കണ്ടെത്തണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; ഏത് ഉത്തരവു പ്രകാരമാണ് നിർദ്ദേശിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | അപ്രകാരം നിർദ്ദേശം ധനവകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഡി) | സഹകരണഭവൻ നിർമ്മാണത്തിന് സഹകരണസംഘങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും | (ഡി) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ, ഇതര ഫംഗ്ഷണൽ |

| | | | |
|---|---|---|---|
| | ഫണ്ട് ശേഖരിക്കുന്നതിനായി ഉത്തരവ്വ പുറപ്പെടുവിക്കുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന വ്യവസായ സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ, ഹാന്റെക്സ്ം സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മന്ദിര നിർമ്മാണത്തിനുള്ള സംഭാവന സ്വീകരിക്കുന്നതിന്, 22.7.2013 ലെ സ.ഉ.(സാധാ) നം.479/2013/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്). |
| (ഇ) | സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സഹകരണവകുപ്പ് ജീവനക്കാരിൽ നിന്നും ഫണ്ട് ശേഖരിക്കുന്നതിനായി ഉത്തരവ്വ പുറപ്പെടുവിക്കുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | 23.08.2012 ലെ സ.ഉ.(സാധാ) 457/2012/സഹ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്). |
| (എഫ്) | സഹകരണവകുപ്പിലൂടെ ഏത് ആവശ്യങ്ങൾ നേടുവാനും എത്തുന്ന പൊതുജനങ്ങളിൽ നിന്നും സഹകരണഭവനനിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ശേഖരണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എഫ്) | ഇല്ല. |

| | | | |
|---|---|---|---|
| (ജി) | സഹകരണഭവനനിർമ്മാണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും , സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും എത്ര തുക ശേഖരിക്കയുണ്ടായി; പൊതുജനങ്ങളിൽ നിന്നും എത്ര തുക ശേഖരിക്കുകയുണ്ടായി; സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സഹകരണ വകുപ്പിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതം ലഭ്യമാക്കാതെ ഇത്തരത്തിൽ ഫണ്ട് ശേഖരണം നടത്തുന്നതിനുള്ള ന്യായീകരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ജി) | സഹകരണ ഭവൻ നിർമ്മാണത്തിനായി സഹകരണ സ്ഥാപനങ്ങളുടെ സംഭാവനയായി 61,58,70,498/- രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾ, സഹകരണ വകുപ്പ് ജീവനക്കാർ എന്നിവരിൽ നിന്നും സംഭാനയായി ആകെ 2,48,93,404/- രൂപ ലഭിക്കുകയും ഇതിൽ സഹകരണ കോൺഗ്രസ്/എക്സ്പോ എന്നിവയ്ക്ക് ചെലവായ തുക കഴിച്ച് 99,62,717.11 രൂപ സഹകരണ ഭവൻ നിർമ്മാണത്തിന് നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 2014-15 വാർഷിക ബഡ്ജറ്റിൽ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി 3 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സംഭാവന നൽകുന്നതിന് തയ്യാറാണെന്ന് ധാരാളം സംഘങ്ങളും ജീവനക്കാരുടെ സംഘടനകളും വളരെ മുമ്പ് തന്നെ അഭിപ്രായം അറിയിച്ചിട്ടുള്ളതാണ്. ആസ്ഥാന മന്ദിരത്തിൽ സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസിനോടൊപ്പം, തലസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ വിവിധ സ്ഥാപനങ്ങളും ബോർഡുകളും ഉൾപ്പെടെ ഓഫീസുകൾ ഒറ്റ |

കെട്ടിടത്തിൽ
പ്രവൃത്തിപ്പിക്കുന്നതിനാൽ 11
നിലകളിലായി നിർമ്മിക്കുന്ന
ആസ്ഥാന മന്ദിരത്തിന്റെ
നിർമ്മാണ ചെലവ്
അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ്
പ്രകാരം 68.50 കോടി
രൂപയാണ്. എന്നാൽ
നിർമ്മാണ പ്രവർത്തനങ്ങൾ
പൂർത്തിയാകുമ്പോൾ ടി
തുകയിലധികരിക്കാൻ
സാദ്ധ്യതയുണ്ട്. കൂടാതെ,
സർക്കാർ സ്ഥലം പരമാവധി
പ്രയോജനപ്പെടുത്തുന്നതിനായി
മൂന്ന് നിലകൾ കൂടി
അധികമായി
നിർമ്മിക്കുന്നതിനും
ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ
ഭാരിച്ച ചിലവും അതോടൊപ്പം
സംസ്ഥാന സഹകരണ
മേഖലയ്ക്ക് ഒന്നാകെ
അഭിമാനമായി മാറുന്ന
പദ്ധതിയിൽ പങ്കാളിത്തം
വഹിക്കുന്നതിൽ സഹകരണ
സ്ഥാപനങ്ങളുടെ താൽപര്യം
കൂടി കണക്കിലെടുത്തു
കൊണ്ടാണ് ഇപ്രകാരം
സംഭാവന സ്വീകരിക്കാൻ
തീരുമാനിച്ചിട്ടുള്ളത്. എന്നാൽ
ഈ ആവശ്യത്തിനായി
പൊതുജനങ്ങളിൽ നിന്നും തുക
ശേഖരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.479/2013/സഹ. തീയതി, തിരുവനന്തപുരം, 22.07.2013.

പരാമർശം: 1. സഹകരണ സംഘം രജിസ്ട്രാറുടെ 29.1.13, 4.3.13 എന്നീ തീയതികളിലെ ജി(1) 24407/12 നമ്പർ കത്തുകൾ.

2. സ.ഉ(സാധാ) നം.364/2012/സഹ തീയതി 6.6.2012

23 JUL 2013

**ഉത്തരവ്**

സഹകരണ സംഘം രജിസ്ട്രാർ ആഫീസ് കഴിഞ്ഞ 44 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ നാല് ദശാബ്ദം കൊണ്ട് സംഘങ്ങളുടെ എണ്ണവും പ്രവർത്തനവും നൂറിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 44 വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന അതേ സൗകര്യങ്ങൾ മാത്രമാണ് ഇപ്പോഴും ഈ കെട്ടിടത്തിനുള്ളത്. ടി ആഫീസ് കൂടാതെ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, സഹകരണ ട്രൈബ്യൂണൽ, സഹകരണ ഓംബുഡ്സ്മാൻ എന്നീ സംസ്ഥാനതല ആഫീസുകളും, സഹകരണ പരീക്ഷാ ബോർഡ്, പെൻഷൻ ബോർഡ്, നിക്ഷേപ സുരക്ഷാ ബോർഡ്, സഹകരണ ഡെവലപ്മെന്റ് ഫണ്ട് ബോർഡ്, വെൽഫയർ ഫണ്ട് ബോർഡ് എന്നീ ആഫീസുകളും, തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ആഫീസുകളെല്ലാം പ്രവർത്തിക്കുന്നതിന് സഹകരണ വകുപ്പിന് സ്വന്തമായൊരു കെട്ടിടം വേണമെന്ന ആവശ്യം പ്രസ്തുത സാഹചര്യത്തിൽ ഉരുത്തിരിയുകയും ടി ആഫീസുകൾക്ക് അവയുടെ ഭാവിയിലെ പ്രവർത്തന വൈപുല്യം കൂടി കണക്കിലെടുത്ത് കൊണ്ട് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമുള്ള ഒരു കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം അനിവാര്യമാണെന്നും ടി സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള സ്ഥലത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ പരമാവധി വിസ്തീർണ്ണത്തിൽ ഒരു ബഹുനില കെട്ടിടം നിർമ്മിക്കേണ്ടതുണ്ട് എന്നതുകൊണ്ടും ഇത്രയും വലിയൊരു പദ്ധതിക്ക് ഭാരിച്ച ഒരു തുക ആവശ്യമായിട്ടുണ്ട് എന്നതിനാലും

സർക്കാർ ധനസഹായത്തിൽ നിന്നു മാത്രം ഇതിലേക്കായുള്ള തുക കണ്ടെത്താൻ കഴിയുകയില്ലായെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശിത കത്തുകളിൽ ബോധിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതര ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നതായ വ്യവസായ സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ, ഹാന്റ്ലൂം സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, മന്ദിര നിർമ്മാണത്തിനുള്ള തുക കണ്ടെത്തുന്നതിന്, സംഭാവന സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി. ജയശ്രീ**

ജോയിന്റ് സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

042614

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് -ഏഴാം സഹകരണ കോൺഗ്രസ് നടത്തിപ്പിനായി തുക സമാഹരിക്കുന്നതിനും ചെലവഴിക്കുന്നതിനും ഉള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (പാർലമെന്റ്) വകുപ്പ്

സ.ഉ (സാധാ)നം. 457/12/സഹ - തിരുവനന്തപുരം, തീയതി 23/8/12

പരാമർശം:- 1. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 21.7.2012 ന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ വച്ച് ചേർന്നയോഗം

2. സഹകരണ സംഘം രജിസ്ട്രാറുടെ 01.08.2012 ലെ ജി (1) 25900/2012 നമ്പർ കത്ത്.

## ഉത്തരവ്.

2012 നവംബർ മാസം തൃശ്ശൂരിൽ വെച്ച് നടത്താൻ തീരുമാനിച്ച 7-ാം സഹകരണ കോൺഗ്രസിന്റെ നടത്തിപ്പിനായി എല്ലാ സഹകരണ സംഘങ്ങളിലേയും ജീവനക്കാരുടേയും, സഹകരണ വകുപ്പ ജീവനക്കാരുടെയും ഒരു ദിവസത്തെ ശമ്പളവും സഹകരണ സംഘം ഭരണ. സമിതി അംഗങ്ങളുടെ ഒരു ദിവസത്തെ സിറ്റിംഗ് ഫീസും സംഭാവനയായി സ്വീകരിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ പ്രസ്തുത തുക സമാഹരിക്കുന്നതിനും, സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ഐസിഡിപി) എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടായി സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ശാഖയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ടി തുക നിക്ഷേപിക്കുന്നതിനും സഹകരണ കോൺഗ്രസിന്റേയും അതോടനുബന്ധിച്ച് നടത്തുന്ന സഹകരണ എക്സിബിഷന്റേയും നടത്തിപ്പിനായി പ്രസ്തുത തുക

ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്നുമുള്ള സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം 2 പ്രകാരമുള്ള ശുപാർശ, സർക്കാർ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജോർജ് മാത്യു**
ഡെപ്യൂട്ടി സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ
2. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
3. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ഐസിഡിപി)
4. സെക്രട്ടറിയുടെ സി.എ
5. ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ